റബ്ബറിന്റെ വിലയിൽ മുൻവർഷങ്ങളിലെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ ഉണ്ടായ കുറവ് ജനങ്ങളുടെ ക്രയശേഷിയെ പ്രതികൂലമായി ബാധിച്ചു മോട്ടോർ വാഹനങ്ങളിൽ നിന്നുള്ള നികുതി പിരിവിലും ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല. എണ്ണ കമ്പനികളിൽ നിന്നും സാധാരണ 20 ശതമാനത്തോളം വർദ്ധനവ് രേഖപ്പെടുത്തിയിരുന്ന സ്ഥാനത്ത് 2015 മാർച്ച് 31 വരെ 8 ശതമാനം വളർച്ചയാണ് രേഖപ്പെടുത്തിയത്. സ്വർണ്ണത്തിന്റെ നികുതി - കോമ്പൗണ്ടിംഗ് നിരക്ക് 125% ൽ നിന്ന് 115% മായി കുറച്ചതും അരി, ഗോതമ്പ്, മൈദ എന്നിവയെ നികുതിയിൽ നിന്ന് ഒഴിവാക്കിയതും ചിക്കന്റെ നികുതിയിനത്തിൽ ഉണ്ടായ കുറവും ബാർഹോട്ടലുകൾ അടച്ചതും ബിവറേജസ് കോർപ്പറേഷന്റെ വരുമാനത്തിൽ വന്ന കുറവും, വർക്ക്സ് കോൺട്രാക്ടിന്റെ പിരിവിൽ വന്ന കുറവും നികുതി വരുമാനത്തിന്റെ വളർച്ചാനിരക്കിൽ കുറവ് സംഭവിക്കാൻ കാരണമായി.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മോട്ടോർ വാഹന വകുപ്പിൽ 4 തവണ നികുതി വർദ്ധനവ് വരുത്തിയിട്ടുണ്ട്.

രജിസ്റ്റർ ചെയ്യുന്ന പുതിയ വാഹനങ്ങളുടെ എണ്ണത്തിൽ വന്ന കുറവ് വരുമാന വർദ്ധനവിൽ കുറവുണ്ടാകാൻ കാരണമായി.

(ഡി) ഇ-ഫയലിംഗ്, ഇ-പേയ്മെന്റ്, അഴിമതിരഹിത ചെക്ക്പോസ്റ്റുകൾ തുടങ്ങിയവ വഴി സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കുതകുംവിധം നികുതി പിരിവ് പരമാവധി കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പത്താം ശമ്പള പരിഷ്കരണം

87 (3596) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സംസ്ഥാന ജീവനക്കാർക്കും അദ്ധ്യാപകർക്കും പെൻഷൻകാർക്കുമുള്ള പത്താം ശമ്പള പരിഷ്കരണത്തിന്റെ ഒന്നാംഘട്ട റിപ്പോർട്ട് 2015 ജൂലൈ 13-ന് സമർപ്പിച്ചിട്ട് മാസങ്ങൾ പിന്നിട്ട് കഴിയുകയും രണ്ടാം ഘട്ടം കമ്മീഷന്റെ പരിഗണനയിലുമിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഈ കാലാവധിക്കുള്ളിൽ പത്താം ശമ്പള പരിഷ്കരണ ഉത്തരവ് പുറപ്പെടുവിക്കുമോ;

(ബി) പ്രസ്തുത ശമ്പളപരിഷ്കരണത്തിന്റെ ഒരു മാസത്തെ തുകയെങ്കിലും ജീവനക്കാർക്ക് നൽകുമോ അതോ തുടർന്നുവരുന്ന സർക്കാർ നൽകട്ടെ എന്നുള്ളതാണോ സമീപനം; വിശദവിവരം നൽകുമോ;

(സി) പത്താം ശമ്പള പരിഷ്കരണ ഉത്തരവ് എന്ന് പുറത്തിറക്കും; വിശദവിവരം നൽകുമോ?

GPM. 2/235/2020-22

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) പത്താം ശമ്പള പരിഷ്കരണത്തിന്റെ ഒന്നാംഘട്ട റിപ്പോർട്ട് മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനയിലാണ്. കാലതാമസം കൂടാതെ ശമ്പള പരിഷ്കരണ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

റവന്യൂ വരുമാന വർദ്ധനാ നിരക്ക്

88 (3597) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ 5 വർഷങ്ങളിലെ റവന്യൂ വരുമാന വർദ്ധനാ നിരക്ക് വർഷം തിരിച്ച് നൽകാമോ?

ഉത്തരം

കഴിഞ്ഞ 5 വർഷങ്ങളിലെ റവന്യൂ വരുമാനം, വർദ്ധനാ നിരക്ക് എന്നിവ വർഷം തിരിച്ച് ചുവടെ ചേർക്കുന്നു:

വർഷം	റവന്യൂ വരുമാനം (തുക കോടിയിൽ)	വർദ്ധന നിരക്ക് (ശതമാനത്തിൽ)
2010-11	30991.00	18.70
2011-12	38010.00	22.65
2012-13	44137.00	16.12
2013-14	49177.00	11.42
2014-15	57950.47	17.84

"നികുതി ചോർച്ച തടയുന്നതിനും നികുതി പിരിവ് വർദ്ധിപ്പിക്കുന്നതിനും കർമ്മ പദ്ധതികൾ"

89 (3598) ശ്രീ. വി. ടി. ബൽറാം :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly